LIBRARY ARCHIVES Kerala Legislative Assembly

## ഐ.റ്റി. @ സ്കൂൾ

13 (5077) ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഐ.ടി.@സ്കൂൾ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഐ.ടി. @ സ്കൂൾ പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ കൊടുക്കുന്നു :

1. ഗവൺമെന്റ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് പദ്ധതി
2. സ്കൂളുകൾക്കും വിദ്യാഭ്യാസ ഓഫീസുകൾക്കുമുള്ള വെർച്വൽ പ്രൈവറ്റ് നെറ്റ്വർക്ക് അധിഷ്ഠിത ഇന്റർനെറ്റ് സംവിധാനം
3. ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് ഐ.ടി.@സ്കൂൾ വിപുലീകരണം
4. ഐ.സി.ടി. ഉപകരണങ്ങളുടെ വ്യാപനവും പരിപാലനവും
5. മോണിറ്ററിംഗ് & കപ്പാസിറ്റി ബിൽഡിംഗ്
6. ഐ.സി.ടി. അധിഷ്ഠിത വിദ്യാഭ്യാസ വിഭവ വികസനവും സമാഹരണവും
7. എല്ലാ സ്കൂളുകളിലും ഡിജിറ്റൽ കണ്ടന്റുകളുടെ ശേഖരണം

(സി) ഐ.സി.ടി. മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികൾക്ക് ആവശ്യമായ പ്ലാൻ വിഹിതം വകയിരുത്തിയിട്ടുണ്ട്.